DESPATCHED
On...11/06/2020
15/05/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2397(2)/2018**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **12791**/എസ്.ഐ.സി–ജി 6/18)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജയരാജൻ പി.,
കോയിപ്ര, വെള്ളോറ പി.ഒ.,
എം.എം.ബസാർ (വഴി),
കണ്ണൂർ ജില്ല, പിൻ – 670 306.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
   സിവിൽ സ്റ്റേഷൻ, കാസറഗോഡ്.

2. അപ്പീൽ അധികാരി&
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   കാസറഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13.04.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02.05.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21.07.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25.07.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 10.11.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.11.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കാസറഗോഡ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജയരാജൻ പി., 10.11.2018ന്

സമർപ്പിച്ച അപ്പീൽ ഹർജി 12.11.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2397(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട ഫയലിന്റെ പകർപ്പുകളിൽ കറന്റ് ഫയൽ 1, 2 പേജുകൾ ടിയാന് ലഭ്യമായില്ലെന്നും എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിവരങ്ങൾ നൽകിയില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 13.04.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 02.05.2018ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 21.07.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 25.07.2018ന് മറുപടി നൽകിയതായും കാണുന്നു.

4. 08.05.2019ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട നോട്ട് ഫയൽ പേജ് (1)ൽ സൂചിപ്പിച്ച ഇന്റലിജൻസ് റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമായിട്ടില്ലെന്നും അയച്ചുകൊടുത്ത കറന്റ് ഫയൽ ആരംഭിക്കുന്ന ഫയൽ നമ്പർ 3 ആണെന്നും എസ്.പി.ഐ.ഒ.യുടെ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിവരങ്ങളും രേഖപ്പെടുത്തിയിരുന്നില്ലെന്നുമാണ്. ഹർജിക്കാരന്റെ അപ്പീലിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് വിവരം നൽകിയ സമയത്തെ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ കാലഘട്ടത്തിലെ എസ്.പി.ഐ.ഒ.യുമായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന് അപ്പലേറ്റ് അതോറിറ്റി 02.08.2018ന് യു.എ.നോട്ട് നൽകുകയും ചെയ്തുവെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിൽ ഇന്റലിജൻസ് റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടിരുന്നില്ലെന്നും സോഫ്റ്റ്വെയറിലുള്ള അപാകത കാരണമാണ് അപ്പീൽ അധികാരിയുടെ വിവരങ്ങൾ ലഭ്യമാകാതിരുന്നതെന്നുമാണ്. കൂടാതെ ടിയാനെ നേരിൽ കേൾക്കുന്നതിനായി കത്തു നൽകിയിരുന്നുവെന്നും എന്നാൽ ടിയാൻ ഹാജരാകുകയോ ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ ആക്ഷേപമുന്നയിക്കുകയോ ചെയ്തിരുന്നില്ലെന്നും എസ്.പി.ഐ.ഒ. ഹാജരാകുകയും ടിയാന്റെ അപ്പീലിൽ സൂചിപ്പിച്ച പ്രകാരമുള്ള ഇന്റലിജൻസ് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ലെന്നും സോഫ്റ്റ്വെയറിന്റെ അപാകതകൊണ്ടാണ്

അപ്പീൽ അധികാരിയുടെ വിവരങ്ങൾ രേഖപ്പെടുത്താത്തതെന്നും ഇത്തരം വീഴ്ചകൾ സംഭവിക്കാതെ സൂക്ഷിക്കുന്നതാണെന്നും വാദം കേൾക്കൽ വേളയിൽ എസ്.പി.ഐ.ഒ. മൊഴി നൽകിയെന്നുമാണ്. അപ്പീൽ ഹർജിക്കാരൻ ടി ഓഫീസിൽ അന്വേഷണത്തിനായി ലഭിച്ച പരാതികളുടെ എണ്ണവും ആയതിന്മേൽ ടി ഓഫീസിൽ സ്വീകരിച്ച മുഴുവൻ നടപടി ക്രമങ്ങളുടെയും നടപടികളുടെയും പകർപ്പ്/നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും പകർപ്പുകൾ 2016&2017 എന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടിയാന്റെ അപ്പീലിന്മേൽ ഏതെങ്കിലും പരാതിയുടെയോ അതിന്മേലുള്ള നടപടികളുടെയോ വിവരമോ പകർപ്പോ ലഭിച്ചിട്ടില്ലെന്ന് ടിയാൻ പറഞ്ഞിട്ടില്ലെന്നും ഫയലിന്മേലുള്ള ഇന്റലിജൻസ് റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ചിട്ടില്ലെന്നാണ് ടിയാന്റെ അപ്പീലിന്മേലുള്ള ആക്ഷേപമെന്നുമാണ്. ടി സാഹചര്യത്തിൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം നൽകിയിട്ടില്ലെന്ന ടിയാന്റെ വാദം നിലനിൽക്കുന്നതല്ലെന്നും ഹർജിക്കാരന് മറ്റേതെങ്കിലും വിവരം ലഭിക്കാൻ ടിയാന് ആക്ഷേപമുള്ളപക്ഷം ആയതു ലഭിക്കുന്നതിന് വീണ്ടും അപേക്ഷ നൽകാവുന്നതും അപ്രകാരം ലഭിക്കുന്ന മുറയ്ക്ക് വിവരാവകാശനിയമപ്രകാരം വിവരം നൽകണമെന്നും ഒന്നാം എതിർകക്ഷി നിർദ്ദേശം നൽകിയെന്നും അപ്പീൽ അധികാരിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെന്ന ഹർജിക്കാരന്റെ വാദം പരിശോധിച്ചതിൽ വിവരാകാശ അപേക്ഷയ്ക്ക് മറുപടി നൽകുമ്പോൾ അതിൽ ചേർക്കേണ്ട അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് വിവരം നൽകുന്ന സമയത്തെ എസ്.പി.ഐ.ഒ. യ്ക്കും സെക്ഷൻ ക്ലാർക്കിനും കർശന നിർദ്ദേശം നൽകി അപ്പീൽ ഉത്തരവായെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ടിയാൻ ആവശ്യപ്പെട്ട നോട്ട് ഫയലിന്റെയും കറന്റ് ഫയലിന്റെയും 1, 2 പേജുകൾ നൽകിയില്ലെന്നും 28/- രൂപ ഒടുക്കാൻ ആവശ്യപ്പെട്ടുവെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും കൈമാറിക്കിട്ടിയ അപേക്ഷയാണെന്നും ഇന്റലിജൻസ് റിപ്പോർട്ടിന്റെ പകർപ്പ് നൽകിയിട്ടില്ലെന്നും ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ വിവരാവകാശ നിയമത്തിലെ വകുപ്പ് 24 പ്രകാരം ഇന്റലിജൻസ് റിപ്പോർട്ടിന്റെ

പകർപ്പ് നൽകാൻ പാടില്ല എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ടിയാൻ ലഭ്യമായില്ലെന്ന് ആക്ഷേപമുന്നയിച്ച പേജ് 1 ഇന്റലിജൻസ് റിപ്പോർട്ടിന്റെ കവറിംഗ് ലെറ്ററാണെന്നും പേജ് 2 റിപ്പോർട്ടാണെന്നും ഒന്നാം എതിർകക്ഷി കമ്മീഷനു മൊഴി നൽകി. ടി സാഹചര്യത്തിൽ ഒന്നാം പേജ് ടിയാന് നൽകണമെന്നും രണ്ടാം പേജായ റിപ്പോർട്ടിന്റെ പകർപ്പ് നൽകേണ്ടതില്ലെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 15–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM